പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

18/02/2016 -ൽ
മറുപടിയ്ക്കു്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2411

**ക്ഷേത്രകലകളുടെ നിരക്ക് വർദ്ധന**

ചോദ്യം

ശ്രീ. സി. മോയിൻകുട്ടി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് നടത്തുന്ന ക്ഷേത്രകലകകൾക്ക് വർഷങ്ങൾക്ക് മുൻപ് ദേവസ്വം ബോർഡ് നിശ്ചയിച്ച നിരക്കുകളാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളതെന്നും, അതു കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഹരികഥയ്ക്ക് നിലവിലുള്ള ഏഴുരൂപ എന്ന നിരക്ക് അപര്യാപ്തമായതുകൊണ്ട് പ്രസ്തുത കലാരൂപം തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥ പരിഗണിച്ച് നിരക്കുകൾ വർദ്ധിപ്പിച്ചു നല്കുമോ? | ബി) | ഹരികഥക്ക് ഏഴുരൂപ എന്ന നിരക്ക് ഒരു ദേവസ്വത്തിലും നിലവിലില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ അതാത് ദേവസ്വങ്ങളിലെ ഉത്സവപടിത്തരം അനുസരിച്ചാണ് നിരക്കുകൾ നൽകുന്നതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും കാലാനുസൃതമായുള്ള വർദ്ധനവ് കൂടാതെ ഹരികഥ അവതരിപ്പിക്കുന്നുണ്ടെങ്കിൽ കഥാകാരനനുസരിച്ച് ഉയർന്ന നിരക്ക് നൽകാറുണ്ടെന്ന് കൂടൽമാണിക്യം ദേവസ്വവും, അതാത് ക്ഷേത്രങ്ങളിലെ ഭരണസമിതിയും ഉത്സവ നടത്തിപ്പ് സംബന്ധിച്ച കമ്മിറ്റികളുമാണ് ഇത്തരം കാര്യങ്ങളിൽ നടപ്പ് രീതിയനുസരിച്ചു പ്രതിഫലം നിശ്ചയിക്കുന്നതെന്ന് മലബാർ ദേവസ്വം ബോർഡും കാലാനുസൃതമായ വർദ്ധനവ് നൽകുന്നുണ്ടെന്ന് കൊച്ചിൻ ദേവസ്വം ബോർഡും അറിയിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൻ കീഴിൽ ഹരികഥ എന്ന കലാരൂപം അവതരിപ്പിച്ചുവരുന്നില്ല. |

സെക്ഷൻ ഓഫീസർ